# ▯ - KITE
ഇ - കൈറ്റ്

പ്രതിമാസ വാർത്താ പത്രിക

*JULY EDITION*

*EMSS GHSS GOVT.HIGHER SECONDARY SCHOOL ,PAPPINISSERI*

## SPACE - ഭിന്നശേഷി കുട്ടികളുടെ പ്രവേശനോത്സവം 2024-25



ഇ.എം.എസ് സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ 2024-25 അധ്യയന വർഷത്തെ ഭിന്നശേഷി കുട്ടികളുടെ പ്രവേശനോത്സവം  ജൂലായ് 1 ന് വിവിധ പരിപാടികളോടെ നടന്നു. ഭിന്നശേഷി കുട്ടികൾക്കുള്ള സൗഹൃദ പഠനമുറി വർണ ബലൂണുകൾ കൊണ്ട് അലങ്കരിച്ചു. ചുവരിലെ പച്ചക്കറികളുടെയും, മൃഗങ്ങളുടെയും, വർണ ചിത്രങ്ങൾ കുട്ടികളെ സ്വാഗതം ചെയ്തു. പരിപാടിയിൽ BPC പ്രകാശൻ മാഷ് സ്വാഗതം പറഞ്ഞു. വാർഡ് മെമ്പർ ശ്രീമതി മുഹസീന അധ്യക്ഷത വഹിച്ചു.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്  കെ.സി ജിഷ ടീച്ചർ പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ ഇൻ ചാർജ് പ്രീത ടീച്ചർ, HM ഫായിസാബി ടീച്ചർ, പി.ടി.എ പ്രസിഡന്റ് രഞ്ജിത്ത് തുടങ്ങിയവർ ആശംസ അറിയിച്ചു. പാപ്പിനിശ്ശേരി പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിധ്യവും പരിപാടിയിൽ ഉണ്ടായിരുന്നു.കൂടാതെ ടീച്ചേർസ്,കുട്ടികൾ,രക്ഷിതാക്കൾ എന്നിവരും പരിപാടിയുടെ ഭാഗമായി.പ്രവേശനോത്സവത്തിന്റെ ഭാഗമായി സ്പേസിലെ കുട്ടികൾക്ക് സ്കൂൾ ബാഗ് നൽകി. മധുരവിതരണവും ഉണ്ടായിരുന്നു. BRC ട്രെയിനർ സീമ ടീച്ചർ നന്ദിയർപ്പിച്ച് സംസാരിച്ചു.

## സോഷ്യൽ സയൻസ് ക്ലബ്

### *WORLD POPULATION DAY QUIZ - WINNERS*



SHIZA FATHIMA
8E



SRAVAN.K
8C

# ബഷീർദിനത്തോടനുബന്ധിച്ച്  വിവിധ പരിപാടികൾ നടത്തി

വിദ്യാരംഗം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 5 ബഷീർദിനം വിവിധ പരിപാടികളോടെ ആചരിച്ചു.ബഷീർ അനുസ്മരണം, പോസ്റ്റർ രചനാ മത്സരം, പുസ്തക പ്രദർശനം, ബഷീർ ദിന ക്വിസ് എന്നിവ സംഘടിപ്പിച്ചു. 8.D ക്ലാസിലെ ദേവിക കെ.വി, മയൂഖ കെ, തന്മയ രതീഷ്, കാസ്നി വേണുഗോപാൽ എന്നിവർ ബഷീർ ദിന സ്കിറ്റ് അവതരിപ്പിച്ചു. ബഷീർ രചനകളിലെ പ്രസക്ത ഭാഗങ്ങൾ തന്മയത്വത്തോടെ അവതരിപ്പിച്ചു.

## ബഷീർ ദിന പോസ്റ്റർ രചന  മത്സര വിജയികൾ










# ശ്രദ്ധ ക്ലാസ് ആരംഭിച്ചു

8,9 ക്ലാസ്സുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, അവരെ മികവിലേക്കുയർത്താൻ പൊതു വിദ്യാഭ്യാസ വകുപ്പ് വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശ്രദ്ധ – മികവിലേക്കൊരു ചുവട്' : ഇ.എം.എസ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിലെ 2024-25 അധ്യയന വർഷത്തെ ശ്രദ്ധ ക്ലാസ്സുകൾ july 15 ന് എച്ച്.എം ഫായിസാബി ടീച്ചർ ഉദ്ഘാടനം ചെയ്തു. ശ്രദ്ധ ക്ലാസ്സുകൾ സുജാത ടീച്ചറുടെ നേതൃത്വത്തിലാണ് നടക്കുന്നത്. കുട്ടികളുടെ സാധാരണ പഠന പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ രാവിലെ 9:00 മുതൽ 9:45 വരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നതെന്ന് സുജാത ടീച്ചർ അറിയിച്ചു. ക്ലാസ് ടീച്ചർമാരും, രക്ഷിതാക്കളും മുൻ കൈയ്യെടുത്ത് കുട്ടികളെ ശ്രദ്ധ ക്ലാസ്സിൽ കൃത്യസമയത്ത് എത്തിക്കണമെന്നും സുജാത ടീച്ചർ അറിയിച്ചു.

## *WORLD POPULATION DAY*

## ക്വിസ് മത്സര വിജയികൾ



[illegible]

[illegible]



[illegible].K

[illegible]



[illegible]

8D

# സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ രക്ഷിതാക്കളുടെ യോഗം നടത്തി






2024-25 അധ്യയന വർഷത്തെ SPC ജൂനീയർ സീനിയർ കേഡറ്റുകളുടെ രക്ഷിതാക്കളുടെ യോഗം 18.7.24-ന് നടന്നു. ജില്ലാ നോഡൽ ഓഫീസർ, പ്രൊജക്ട് ഓഫീസർ എന്നിവർ പങ്കെടുത്തു. എച്ച്.എം. ഫായിസാബി ടീച്ചർ, സീനിയർ അസിസ്റ്റന്റ് ദിനേശ് ബാബു മാസ്റ്റർ, PTA പ്രസിഡന്റ് രഞ്ജിത്ത്, SPC സി.പി. ഒ മാരായ ബിനീഷ് മാസ്റ്റർ, ധന്യ ടീച്ചർ, മുൻ സി.പി.ഒ. നജ്മ ടീച്ചർ, രാമചന്ദ്രൻ മാസ്റ്റർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## അലിഫ് അറബിക് ടാലന്റ് ടെസ്റ്റ് □□□□

### സ്ക്രൂൾതല വിജയികൾ









കേരള പൊതു വിദ്യാഭ്യാസ വകുപ്പ് കണ്ണൂർ അറബിക് ടീച്ചേർസ്
അക്കാദമിക് കോംപ്ലക്സ് നടത്തിയ സബ്ജില്ലാതല
അറബിക് ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ
ഇ.എം.എസ്.എസ്.ജി.എച്ച്.എസ്.എസ്
പാപ്പിനിശ്ശേരിയിലെ അഫ്ലഹ കെ.സി
AEO കെ. ജയദേവൻ സാറിൽ നിന്ന്
പുരസ്കാരം ഏറ്റുവാങ്ങുന്നു.

# ചാന്ദ്രദിന പരിപാടികൾ നടത്തി

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിനത്തോടനുബന്ധിച്ച് പോസ്റ്റർ രചനാ മത്സരവും, പോസ്റ്റർ പ്രദർശനവും, ചാന്ദ്രദിന ക്വിസും സംഘടിപ്പിച്ചു.മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയ നാളുകളെ ഓർമ്മിപ്പിക്കുന്ന വീഡിയോ പ്രദർശനവും നടന്നു SPC യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിന ക്വിസ് സംഘടിപ്പിച്ചു.

## ചാന്ദ്രദിന ക്വിസ് മത്സര വിജയികൾ



VYGA P
8E



VYGA LAGESH
8E



SRAVAN
8C

## സയൻസ് ക്ലബ്

## ചാന്ദ്രദിന ക്വിസ് മത്സര വിജയികൾ



SHIZA FATHIMA
8E



VYGA LAGESH
8E



RAMKRIPAL
8E

# സഹപാഠിക്കൊരു കൈത്താങ്ങ്



9 F ക്ലാസ്സിലെ കുട്ടികൾ സ്വരൂപിച്ച തുക ക്ലാസ് ടീച്ചറായ ഷിജി ടീച്ചറുടെ സാന്നിധ്യത്തിൽ എച്ച്.എം ഫായിസാബി ടീച്ചർക്ക് കൈമാറി . എച്ച്.എം , തുക ഭിന്നശേഷി കുട്ടികളുടെ ആവശ്യങ്ങൾക്കായി പ്രിയ ടീച്ചർക്ക് നൽകി .

# KITE, ഡിജിറ്റൽ ന്യൂസ് പേപ്പർ പ്രകാശനം ചെയ്തു



ഇ.എം.എസ് സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ വിവിധ പരിപാടികൾ നാട്ടുകാരിലേക്കെത്തിക്കുന്നതിനായി  ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിന്റെ പേരിൽ ഒരു ഫേസ് ബുക്ക് പേജ്, ഒരു യൂട്യൂബ് ചാനൽ, ഒരു ഇൻസ്റ്റഗ്രാം അക്കൗണ്ട് തുടങ്ങി. നമ്മുടെ സ്കൂളിലെ പരിമിതമായ സാഹചര്യത്തിൽ നടക്കുന്ന കുട്ടികളുടെ കൊച്ചു കൊച്ചു പരിപാടികൾ രക്ഷിതാക്കളിലേക്കും നാട്ടുകാരിലേക്കും എത്തിക്കുക എന്നതാന്നുദ്ദേശ്യം. സ്കൂളിൽ ഓരോ മാസവും നടക്കുന്ന വിവിധ പരിപാടികളുടെ വാർത്തകളും ഫോട്ടോസും ഉൾപ്പെടുത്തിക്കൊണ്ട് E-KITE എന്ന പേരിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് തയ്യാറാക്കിയ ഡിജിറ്റൽ പ്രതിമാസ വാർത്താ പത്രിക HM ഫായിസാബി ടീച്ചർ പ്രകാശനം ചെയ്തു. 9th std-ലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളായ സമ്യ, റുഷ്ദ, സനിഗ, അമിത, റസീൻ മൻസൂർ , ഹാദി മൊയ്തീൻ കുട്ടി, അയാൻ, സാഹിൽ എന്നിവരാണ് E-KITE, സോഷ്യൽ മീഡിയ അക്കൗണ്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത. ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് മാരായ അശ്വതി ടീച്ചർ, വന്ദന ടീച്ചർ എന്നിവർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. പ്രകാശനച്ചടങ്ങിൽ SITC രശ്മി ടീച്ചർ ആശംസകളർപ്പിച്ച് സംസാരിച്ചു





## *PI APPROXIMATION DAY*

### പോസ്റ്റർ രചന വിജയികൾ

ഗണിതക്ലബ്



SAHADA P P
10F



NEAMA P P
8F



FATHIMA K K
8B

# വേൾഡ് ഹെപ്പറ്റൈറ്റിസ് ഡെ ബോധവത്കരണ ക്ലാസ് നടത്തി

SPC, JRC യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ വേൾഡ് ഹെപ്പറ്റൈറ്റിസ് ഡെ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ഡോക്ടർ ശരത് പണിക്കർ ആണ് ക്ലാസ് നയിച്ചത്. പൊതുജനാരോഗ്യത്തിന് ഭീഷണിയായ വൈറൽ ഹെപ്പറ്റൈറ്റിസ് 2030 ഓടുകൂടി നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ മഞ്ഞപ്പിത്തം എന്ന രോഗത്തെക്കുറിച്ചും, പകരുന്ന രീതി, പ്രതിരോധ മാർഗങ്ങൾ എന്നിവയെ പറ്റിയും അവബോധം സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ടാണ് July 28 ലോക ഹെപ്പറ്റൈറ്റിസ് ദിനമായി ആചരിക്കുന്നത്. മഞ്ഞപ്പിത്തം വരാതിരിക്കാൻ വ്യക്തിശുചിത്വം പാലിക്കുക, ശുദ്ധമായ വെള്ളം കുടിക്കുക ,ചൂടുള്ള ഭക്ഷണം കഴിക്കുക, ഭക്ഷണത്തിന് മുൻപും ശേഷവും കൈകൾ വൃത്തിയാക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.' ഹെപ്പറ്റൈറ്റിസ് ഇനി കാത്തിരിക്കാനാവില്ല, രോഗനിർണയവും ചികിത്സയും വൈകിക്കരുത്. 'എന്നതാണ് ഇത്തവണത്തെ ദിനാചരണ സന്ദേശം.







# ദീപശിഖ റാലി സംഘടിപ്പിച്ചു

പാരിസ് ഒളിമ്പിക്സ്, പ്രഥമ കേരള ഒളിമ്പിക്സ് എന്നിവയെ സ്വാഗതം ചെയ്തു കൊണ്ട് ഇ. എം. എസ്. സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ SPC, JRC കുട്ടികൾ July 27 ന് ദീപശിഖ റാലി നടത്തി. എച്ച്.എം. ഇൻ ചാർജ് ദിനേശ് ബാബു മാസ്റ്റർ ഉദ്ഘാടനം ചെയ്തു.





## *SPORTS NEWS*

സ്കൂൾ ഗെയിംസ് ടീം സെലക്ഷൻ നടക്കുന്ന തീയ്യതികൾ സ്കൂൾ കായികാധ്യാപകൻ ബിനീഷ് മാസ്റ്റർ അറിയിച്ചു. വിശദ വിവരങ്ങൾ ക്ലാസ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുമെന്നും താല്പര്യമുള്ള കുട്ടികൾ അവസരം പ്രയോജനപ്പെടുത്തണമെന്നും മാസ്റ്റർ അറിയിച്ചു. ഗേൾസ് ഫുട്ബോൾ ടീം പ്രാക്ടീസ് തുടങ്ങി.



## ***PLEASE VISIT US***

https://www.instagram.com/emssghsspappinisseri?igsh=ZmRpOHRxbWV2dXA5

https://www.facebook.com/share/Pu5bTpzC1krce9Hn/?mibextid=qi2Omg

https://www.youtube.com/@EMSSGHSSPAPPINISSERI